(ഇ) പ്രസ്തുത ആശുപത്രിയിലെ മോർച്ചറി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫ് ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരും, ഉപകരണങ്ങളും ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വണ്ടാനം ആശുപത്രി കോമ്പൗണ്ടിൽ രണ്ട് പുതിയ ബ്ലോക്കുകളുടെ പണി പൂർത്തിയായി. ടൗണിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജാശുപത്രിയിൽ നിന്ന് ശിശുരോഗവിഭാഗവും, ശിശുരോഗ ശസ്ത്രക്രിയാ വിഭാഗവും 109 കിടക്കകളോടുകൂടി വണ്ടാനത്തേയ്ക്ക് മാറ്റുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഡിപ്പാർട്ട്മെന്റുകൾ മാറ്റുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിന്റെ വികസനത്തിനായി ഉദ്ദേശം 16 ലക്ഷം രൂപ വിലവരുന്ന യന്ത്രസാമഗ്രികൾ വാങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഡിയോ തെറാപ്പി വിഭാഗത്തിൽ ബ്രാക്കി തെറാപ്പി ചികിത്സയ്ക്ക് ആവശ്യമായ സീസിയം നീഡിലുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കഴിഞ്ഞു.

(ബി) കാർഡിയോളജി ഐ.സി.യൂണിറ്റും, ട്രോമാകെയർ യൂണിറ്റും നവീകരിച്ച് വണ്ടാനത്ത് ആശുപത്രി സമുച്ചയത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും പണികൾ പുരോഗമിക്കുന്നു.

(സി) ട്രോമാകെയർ വിഭാഗം രക്തബാങ്ക്, റേഡിയോളജി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സി.ററി.സ്കാൻ, കാൻസർ കെയർ സൊസൈറ്റിയുടെ .....

(ഡി) ഒഴിവുകൾ ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്, നടപടികൾ സ്വീകരിച്ചുവരുന്നു.

162(189) ആലപ്പുഴ മെഡിക്കൽ കോളജാശുപത്രിയോടനുബന്ധിച്ച് 'വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്'

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് 'വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്' എന്നുമുതൽക്കാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര ജീവനക്കാർ ഉണ്ട്; ഏതെല്ലാം തസ്തികകളിൽ ; വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേർത്തല ഫൈലേറിയ റിസർച്ച് യൂണിറ്റിലെ ജീവനക്കാരെ 'വൈറോളജി ലാബിൽ' നിയമിച്ചിട്ടുണ്ടോ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 23.6.99-ൽ രജിസ്റ്റർ ചെയ്തു . അന്നുമുതൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിച്ചു വരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിയന്ത്രിക്കുവാനും കാര്യക്ഷമമാക്കുവാനും ഗവേണിങ്ങ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. ഗവേണിംഗ് ബോഡിയുടെ ചെയർമാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വൈസ് ചെയർമാൻ ആരോഗ്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുമാണ്. ഗവേണിംഗ് ബോഡിയിൽ 12 അംഗങ്ങളുണ്ട്. ഇതിന്റെ പ്രവർത്തനോദ്ദേശ്യം പ്രധാനമായും വൈറസ് രോഗാണുമൂലമുള്ള രോഗനിർണ്ണയം നടത്തുവാനുള്ള എല്ലാ ടെസ്റ്റുകളും നമ്മുടെ സംസ്ഥാനത്ത് തന്നെ ലഭ്യമാക്കാനും അതുപോലെ തന്നെ എലിപ്പനി, കോളറ, ടൈഫോയ്ഡ് എന്നീ രോഗങ്ങളെ ആധുനിക പരിശോധനാ മാർഗ്ഗങ്ങൾ വഴി കണ്ടെത്തുകയുമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗം പ്രൊഫസർ രാധ കൂടിയാണ് ഇതിന്റെ പ്രോജക്ട്ഡയറക്ടർ.

(ബി) 16 പേർ. തസ്തിക തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു :

അസോസിയേറ്റ് പ്രൊഫസർ (മൈക്രോബയോളജി)	- 1
ജൂനിയർ ലാബ് അസിസ്റ്റന്റ്	- 1
ലോവർഡിവിഷൻ ക്ലാർക്ക്	- 1
റിസർച്ച് ഓഫീസർ	- 1
റിസർച്ച് അസിസ്റ്റന്റ്	- 1
ലാബ് അസിസ്റ്റന്റ്	- 3
ഡ്രൈവർ	- 1
ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ	- 6

(സി) ഉണ്ട്.

19.9.2000 ലെ ജി.ഒ. (ആർ.റ്റി) 3444/2000/ അ.കു.വ പ്രകാരം ചേർത്തല ഫൈലേറിയ റിസർച്ച് യൂണിറ്റിലെ ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി സൊസൈറ്റിയിൽ 17 തസ്തിക ഉണ്ടാക്കുകയും നിയമന ഉത്തരവു നല്കി അവരിൽ 13 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

163(190) മുളംകുന്നത്തുകാവിലേയ്ക്ക് മെഡിക്കൽ കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly